# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3358      29/1/2014 ൽ മറുപടിയ്ക്ക്

## നാളികേര സംഭരണം

**ചോദ്യം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
'' ചിറ്റയം ഗോപകുമാർ
'' ജി. എസ്. ജയലാൽ
'' ഇ. കെ. വിജയൻ

(എ) സംസ്ഥാനത്ത് 2010-11, 2011-12, 2012 -13 എന്നീ വർഷങ്ങളിൽ ആകെ സംഭരിച്ച നാളികേരങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിൽ കേരഫെഡിന്റെ സംഭരണ കേന്ദ്രങ്ങളിൽ കൂടി കർഷകരിൽ നിന്ന് നേരിട്ട് നടത്തിയ നാളികേര സംഭരണത്തിന്റെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| വർഷം | സംഭരണ കേന്ദ്രം | സംഭരിച്ച നാളികേരം ക്വിന്റലിൽ |
|---|---|---|
| 2010-11 | മാമം, തിരുവനന്തപുരം ജില്ല | 841.50 |
| | ആകെ | 841.50 |
| 2011-12 | ഇല്ല | |
| 2012-13 | ആനയറ,തിരുവനന്തപുരം ജില്ല | 432.10 |
| | കരുനാഗപ്പള്ളി , കൊല്ലം ജില്ല | 174.79 |
| | ഏലത്തൂർ, കോഴിക്കോട് ജില്ല | 2223.95 |
| | നടുവണ്ണൂർ, കോഴിക്കോട് ജില്ല | 2089.32 |
| | ആകെ | 4920.16 |

കൂടാതെ 1/1/2013 മുതൽ കൃഷി വകുപ്പും കേരഫെഡും സംയുക്തമായി കൃഷിഭവനുകളിൽ കൂടി നടത്തുന്ന നാളികേരസംഭരണത്തിന്റെ കണക്കുകൾ അന്യത്ര ചേർത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പച്ചത്തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട് നാഫെഡ് എന്തെങ്കിലും തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | കൃഷി ഭവനുകൾ മുഖാന്തിരം സംഭരിക്കുന്ന നാളികേരം സംസ്കരിച്ച് ഉണ്ടാക്കുന്ന കൊപ്ര താങ്ങുവില പദ്ധതി അനുസരിച്ച് ഏറ്റെടുക്കുവാൻ നാഫെഡിന്റെ കേരളത്തിലെ ആഫീസുകൾ തയ്യാറായിരുന്നില്ല. പ്രസ്തുത വിഷയം നാഫെഡിന്റെ കേന്ദ്ര ആഫീസിന്റെ ശ്രദ്ധയിൽ പെടുത്തിയതിന്റെ ഫലമായി അനുകൂലമായ തീരുമാനം നാഫെഡ് കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | നാളികേര സംഭരണത്തിലെ വീഴ്ച മൂലം കേര കർഷകർക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | കൃഷി ഭവനുകൾ മുഖാന്തിരം 1/1/2013 മുതൽ നടപ്പാക്കുന്ന നാളികേര സംഭരണം നാളികേര കർഷകർക്കുള്ള ബുദ്ധിമുട്ടുകൾ വളരെയധികം ഒഴിവാക്കിയിട്ടുള്ളതായി മനസ്സിലാക്കുന്നു. |
| (ഡി) | 2013-14 ൽ പച്ചത്തേങ്ങ സംഭരണത്തിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | 2013-14 വർഷത്തിൽ ഈ സംഭരണം കൂടുതൽ ജില്ലകളിലും കൂടുതൽ കൃഷിഭവനുകളിലും വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

Coconut Procurement through Krishi Bhavans (wef 1/1/2013)

( Quantity in Quintals)

| No | Name of district | Upto 31.03.2013 | Since 01.04.2013 | Cumulative as on 18.01.2014 | No. of Krishi Bhavans |
|---|---|---|---|---|---|
| 1 | Kasaragode | 4397.40 | 30183.50 | 34580.90 | 21 |
| 2 | Kannur | 4253.36 | 41705.70 | 45959.06 | 42 |
| 3 | Kozhikkode | 12235.53 | 58758.20 | 70993.73 | 58 |
| 4 | Malappuram | 12869.61 | 39331.00 | 52200.61 | 35 |
| 5 | Thrissoor | 10641.19 | 54555.60 | 65196.79 | 53 |
| 6 | Palakkad | 6337.69 | 35016.90 | 41354.59 | 43 |
| 7 | Alappuzha | 3341.72 | 16900.04 | 20241.76 | 29 |
| 8 | Kollam | 6152.23 | 15818.68 | 21970.91 | 29 |
| | **Total** | **60228.73** | **292269.62** | **352498.35** | **310** |